Mathrubhoomi

12/01/2021

# ദേശീയ ഊർജസംരക്ഷണ പുരസ്കാരം: അഞ്ചാം വർഷവും കേരളത്തിന്

**തിരുവനന്തപുരം** ▸ തുടർച്ചയായ അഞ്ചാംവർഷവും കേരളത്തിന് ദേശീയ ഊർജസംരക്ഷണ പുരസ്കാരം. ഓൺലൈനായി നടന്ന ചടങ്ങിൽ മന്ത്രി എം.എം. മണി പുരസ്കാരം സ്വീകരിച്ചു.

കേരളത്തിലെ വൈദ്യുതിമേഖല നടത്തിയ മാതൃകാപ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് പുരസ്കാരമെന്ന് മന്ത്രി എം.എം. മണി അറിയിച്ചു. താൻ വകുപ്പിന്റെ ചുമതല വഹിച്ച നാലുവർഷവും പുരസ്കാരം ലഭിച്ചതായി അദ്ദേഹം പറഞ്ഞു.

അഞ്ചുവർഷംകൊണ്ട് 4100 ദശലക്ഷം യൂണിറ്റ് വൈദ്യുതി കേരളം ലാഭിച്ചു. നീതി ആയോഗ് തയ്യാറാക്കിയ ഊർജ കാര്യക്ഷമതാസൂചികയിൽ രണ്ടുവർഷവും കേരളം മുന്നണിലെത്തിയെന്ന് മന്ത്രി അറിയിച്ചു.